രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പദ്ധതികൾ

214 (1684) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയിട്ടുള്ള നവീകരണപദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ബി) ഇനി എന്തെല്ലാം നവീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആലോചിക്കുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) NLRMP പദ്ധതിയിൽ ഉൾപ്പെടുത്തി, സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

215 (1685) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില കുറച്ചുകാണിച്ച് ആധാരം രജിസ്റ്റർ ചെയ്തതിനുള്ള നടപടികളിൽനിന്ന് പഞ്ചായത്ത് പ്രദേശങ്ങളിലെ അഞ്ച് സെന്റിൽ താഴെയുള്ള ഭൂമി ഇടപാടുകൾ ഒഴിവാക്കുമോ ;

(ബി) എങ്കിൽ ഈ ഇളവ് ഏതുസമയംവരെയുള്ള ആധാരങ്ങൾക്ക് ലഭ്യമാകും ; എത്ര ഇടപാടുകാർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാകുമെന്നാണ് കരുതുന്നത് ;

(സി) ഇപ്പോൾ ഏത് കാലാവധിവരെയുള്ള ആധാരങ്ങളെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഈ പദ്ധതിവഴി ഇടപാടുകാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഈ പദ്ധതിവഴി സർക്കാരിന് ഇതിനകം എത്ര തുക ലഭിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കുടിശ്ശികയായ അണ്ടർ വാല്വേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച്, 31-3-2010 വരെയുള്ള, പഞ്ചായത്ത് പ്രദേശങ്ങളിലെ 5 സെന്റിൽ താഴെ ഭൂമി ഉൾപ്പെടുന്ന ആധാരങ്ങളെ ടി നടപടിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly